Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 1544/E1/2021/കെ ഡബ്ല്യൂ എ

തീയതി: 05.07.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി - ജീവനക്കാര്യം - 2021-2022 വർഷത്തെ പൊതു സ്ഥലം മാറ്റം - അപ്പീൽ സമർപ്പിക്കുന്നതിനൊപ്പം ജീവനക്കാർക്ക് ഓപ്ഷനിൽ മാറ്റം വരുത്താൻ അവസരം നൽകുന്നത് സംബന്ധിച്ച്:-

സൂചന :- 1. സർക്കാർ ഉത്തരവ് G.O. (P) No. 3/2017/P&ARD തീയതി 25/02/2017.
2. 03.06.2021,12.06.2021,16.06.2021 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ
3. 02.07.2021 ന് പ്രസിദ്ധീകരിച്ച കരട് പട്ടിക, മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമം നമ്പർ 10948/JS I(ADMIN & EST)/2021/KWA.
4. കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (സി ഐ ടി യു) സംസ്ഥാന ജനറൽ സെക്രട്ടറി 03.07.2021 ന് സമർപ്പിച്ച നിവേദനം.

സൂചനയിലെ സർക്കാർ ഉത്തരവിന് വിധേയമായി, കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലെ 2021-22 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സൂചന-2 പ്രകാരം ക്ഷണിച്ചിരുന്നു. ജി-സ്പാർക്ക് സോഫ്റ്റ്‌വെയറിലൂടെ ഓൺ ലൈനായി അപേക്ഷകൾ സ്വീകരിക്കുകയും, സൂചന-1 സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ കരട് പട്ടിക തയ്യാറാക്കി സൂചന-3 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു.

ജി-സ്പാർക്ക് മുഖേനയുള്ള പൊതുസ്ഥലംമാറ്റനടപടികൾ അതോറിറ്റിയിൽ ആദ്യമായി നടപ്പാക്കുന്നതിനാൽ ഓപ്ഷൻ നല്കിയതിലെ അപാകങ്ങൾ പരിഹരിക്കാനുള്ള അവസരം ജീവനക്കാർക്ക് നൽകണമെന്ന് വിവിധ സംഘടനകളും ജീവനക്കാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സമയക്രമത്തിനും നിർദ്ദേശങ്ങൾക്കും വിധേയമായി ജീവനക്കാർക്ക് ഓപ്ഷനിൽ മാറ്റം വരുത്താൻ അവസരം നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ഓപ്ഷനിൽ മാറ്റം വരുത്താൻ ആഗ്രഹിക്കുന്ന ജീവനക്കാർ രേഖാമൂലം ഓഫീസ് മേധാവിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓഫീസ് മേധാവി പ്രസ്തുത ജീവനക്കാരുടെ എല്ലാവരുടെയും പെൻ നമ്പർ, പേര്, തസ്തികയുടെ പേര് എന്നിവ അടങ്ങിയ പട്ടിക തയ്യാറാക്കി **generaltransferkwa@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് PDF ഫയലാക്കി 06.07.2021 വൈകുന്നേരം 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. വൈകികിട്ടുന്ന അപേക്ഷകൾ സ്വീകരിക്കില്ല. ഇതിനായി ഹെഡ് ഓഫീസിലെ മറ്റു ഇ-മെയിൽ വിലാസങ്ങളിലേക്ക് ലഭിക്കുന്ന അപേക്ഷകളും, ജീവനക്കാർ നേരിട്ട്

Draft #16 of File 1544/E1/2021/KWA Approved by Managing Director on 05-Jul-2021 09:56 AM - Page 1

നൽകുന്ന അപേക്ഷകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

- ഓഫീസ് മേധാവികൾ നൽകുന്ന പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് 07.07.2021 രാവിലെ 10 മണിമുതൽ 08.07.2021 രാത്രി 11.59 വരെ ഓപ്ഷനിൽ ആവശ്യമായ മാറ്റം വരുത്തി അപേക്ഷ വീണ്ടും സമർ പ്പിക്കാവുന്നതാണ്. സ്ഥലംമാറ്റം ആവശ്യമുണ്ടോ എന്ന ചോദ്യത്തിന്റെ ഉത്തരവും (YES/NO), മുൻഗണനകളും, ഓപ്ഷനുകളും ഈ അവസരത്തിൽ വീണ്ടും രേഖപ്പെടുത്തി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
- ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ 10.07.2021 രാത്രി 11.59 നകം അതത് ഡി,ഡി.ഒ മാർ സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് സ്പാർക്കിലൂടെ സമർപ്പിക്കേണ്ടതാണ്.
- 12.07.2021 ന് കരട് പട്ടിക പുനഃപ്രസിദ്ധീകരിക്കുന്നതാണ്.

ജീവനക്കാർ അപേക്ഷ സമർപ്പിച്ചശേഷം ജീവനക്കാരുടെ തസ്തികയിൽ മാറ്റം വരുത്തുക, ജീവനക്കാരുടെ പ്രൊഫൈലിൽ ലോക്ക് ചെയ്യാതിരിക്കുക, ഡെപ്യൂട്ടേഷൻ, ശൂന്യവേതന അവധി, പ്രസവാവധി എന്നീ വിവരങ്ങൾ ജി-സ്പാർക്കിൽ ഉൾപ്പെടുത്താതിരിക്കുക, സർവ്വീസ് ഹിസ്റ്ററി പൂർണ്ണമായും ജി-സ്പാർക്കിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾ സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന കരട് പട്ടികയെ ബാധിക്കാനും, അർഹത പ്പെട്ടവർക്ക് സ്ഥലം മാറ്റം ലഭിക്കാതിരിക്കാനും ഇടയാകും. എല്ലാ ഡി.ഡി.ഒ മാരും ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് മുൻ സർക്കുലറുകളിൽ നിർദ്ദേശം നൽകിയിരുന്നു.

ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ കൃത്യസമയത്ത് സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് ഫോർവേഡ് ചെയ്യാതിരിക്കുന്നത് മൂലവും മേല്പറഞ്ഞ പിഴവുകൾ മൂലവും അതോറിറ്റിക്കും ജീവനക്കാർക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡി.ഡി.ഒ മാർ പൂർണ്ണ ഉത്തരവാദികളായിരിക്കും.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ജീവനക്കാർക്കും
2. എല്ലാ DDO/ ഓഫീസ് മേധാവികൾക്കും

പകർപ്പ്:-

1. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
2. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള ജല അതോറിറ്റി - പത്രമാധ്യമങ്ങളിൽ അറിയിപ്പ് നൽകുന്നതിനായി
3. PA to AM / PA to TM / CA to CE(HRD&GL) / CA to CE(P&O) / CA to FM&CAO / CA to CLO / CA to DCE(GL) / DCE(Vigilance) / CA to SR AO / AO(Est&Admn) / AO(Pay Slip & Pension) / SS (Est) / JS (Est) / All Sections in Administrative Wing / G-SPARK Team / All Units in Head Office/ File / SF
4. The Director, NIC for information
5. G Spark, PMU for information.

Draft #16 of File 1544/E1/2021/KWA Approved by Managing Director on 05-Jul-2021 09:56 AM - Page 2

The document is digitally approved. Hence signature is not needed.